പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4224 27-06-2013- ൽ മറുപടിയ്ക്ക്

മൂല്യബോധന യാത്രയുടെ ഉദ്ദേശലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. കെ. ബാലൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) വിദ്യാഭ്യാസ വകുപ്പ് നടത്തിയ മൂല്യബോധന യാത്രയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; എന്നായിരുന്നു യാത്ര നടത്തിയത്; | എ) കുട്ടികൾക്കും സ്ത്രീകൾക്കും എതിരെ വർദ്ധിച്ചു വരുന്ന അക്രമങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക എന്നതായിരുന്നു വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ 2013 ജനവരി 26 മുതൽ 31 വരെ സംസ്ഥാനത്തുടനീളം നടത്തിയ മൂല്യപുനരദ്ധാരണ യാത്രയുടെ ഉദ്യേശ്യം. ജനവരി 31 മുതൽ ഫെബ്രുവരി 8 വരെയായിരുന്നു മൂല്യബോധനയാത്ര. |
| ബി) ഈ യാത്രയെക്കുറിച്ചും യാത്രയിൽ പങ്കെടുത്തവരെ കുറിച്ചും പരാതികൾ ലഭിച്ചിട്ടുണ്ടോ; ആരുടെയെല്ലാം പരാതിയാണ് ലഭിച്ചത്; ഈ പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; | ബി) യാത്രയെക്കുറിച്ചോ യാത്രയിൽ പങ്കെടുത്തവരെക്കുറിച്ചോ ഗവൺമെന്റിൽ പരാതി ലഭിച്ചിട്ടില്ല. എന്നാൽ 8-2-2013 ൽ തിരുവനന്തപുരം വനിതാ കോളേജിൽ വച്ച് നടന്ന മൂല്യബോധന യാത്രയുടെ സമാപനചടങ്ങിൽ ജാഥാ ക്യാപ്റ്റനും സ്റ്റുഡൻറ് കേഡറ്റ് പരിശീലകനുമായ ഡോ.രജിത്കുമാർ സ്ത്രീകളെക്കുറിച്ച് മോശമായി സംസാരിച്ചെന്ന പരാതി ശ്രീമതി ശോഭനാ ജോർജ്ജ് എക്സ് എം.എൽ.എ മനുഷ്യാവകാശ കമ്മീഷനിൽ സമർപ്പിക്കുകയും പ്രസ്തുത |

| | |
|---|---|
| | പരാതിയിൻ മേൽ ഒരു റിപ്പോർട്ട് ലഭ്യമാക്കാൻ മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെടുകയും ചെയ്തു. പരാതിയിൻ മേൽ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നൽകിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷനു റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| സി) ഈ യാത്രയിൽ പങ്കെടുത്ത് മൂല്യബോധന പ്രഭാഷണങ്ങൾ നടത്തിയവർ ആരെല്ലാമായിരുന്നു; പേരും, അവരുടെ മുൻകാല പരിചയവും വ്യക്തമാക്കുമോ; | സി) മൂല്യബോധന യാത്രയിൽ സ്ഥിരാംഗങ്ങളായി ഡോ.ആർ.രജിത്ത് കുമാർ (ജാഥാ ക്യാപ്റ്റൻ സ്റ്റുഡൻറ് കേഡറ്റ് പരിശീലകൻ, കാലടി ശ്രീ ശങ്കര കോളേജിലെ ബയോളജി അദ്ധ്യാപകൻ) സക്കീർ ഹുസൈൻ (സ്റ്റേറ്റ് സെക്രട്ടറി, ഭാരത് സ്കൗട്ട് & ഗൈഡ്) ഡി.ബിന്ദു (ഹയർ സെക്കൻററി അദ്ധ്യാപിക, കായംകുളം) ഡോ.വി.വി.മാത്യു (സാക്ഷരതാ മിഷൻ), പി.എൻ.ബാബു (സാക്ഷരതാ മിഷൻ) എം.കെ.രാജേന്ദ്രൻ (ഹയർ സെക്കൻററി അദ്ധ്യാപകൻ, വയനാട്) ഇ.ഫാസിൽ (സ്റ്റേറ്റ് കോർഡിനേറ്റർ, എൻ.എസ്സ്.എസ്സ് & എസ്.വി.ഡി. ജാഥയുടെ ചീഫ് കോർഡിനേറ്റർ) എന്നിവർ പങ്കെടുത്തിരുന്നു. യാത്രയിൽ പങ്കെടുത്ത മറ്റുള്ളവരുടേയും മൂല്യബോധന പ്രഭാഷണങ്ങൾ നടത്തിയവരുടേയും പേര്, മുൻകാല പരിചയം എന്നീ വിവരങ്ങൾ ലഭ്യമല്ല. |

| | |
|---|---|
| ഡി)ഈ യാത്രയിൽ പങ്കെടുത്ത് സ്ത്രീകൾക്കെതിരെ പ്രഭാഷണം നടത്തിയ പ്രഭാഷകന്റെ നടപടിക്കെതിരെ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ആർക്കായിരുന്നു അന്വേഷണ ചുമതല; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ഡി) മനുഷ്യാവകാശ കമ്മീഷനിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ യാത്രയുടെ സമാപന ചടങ്ങിൽ സ്ത്രീകൾക്കെതിരേ പ്രഭാഷണം നടത്തിയെന്ന് ആരോപിക്കപ്പെടുന്ന ശ്രീ.രജിത്ത് കുമാറിനെതിരേ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പ്രൊഫ. പി.കെ.ഗിരിജാ ദേവിയുടെ നേതൃത്വത്തിലാണ് അന്വേഷണം നടത്തിയത്. അന്വേഷണ റിപ്പോർട്ടിൻറെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**